നവസമൂഹ മാധ്യമങ്ങളും, സാങ്കേതിക വിദ്യകളും ലഭ്യമല്ലാത്തതുമൂലം പഠന കാര്യങ്ങളിൽ പിന്തള്ളപ്പെട്ടവരെയും, കാലഘട്ടത്തിന് അനുയോജ്യമായ വിദ്യാഭ്യാസം ലഭിക്കാത്തതുമൂലം മാനസിക വിഷമം അനുഭവിക്കുന്ന കുഞ്ഞുങ്ങളേയും ഓർത്ത് പ്രാർത്ഥിക്കാം...

**പ്രതിവാക്യം :** ***ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.***

**സമർപ്പണ പ്രാർത്ഥന**

നല്ല ഇടയനായ ദൈവമേ, നിന്റെ മക്കളായ ഞങ്ങളെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. ഞങ്ങൾക്ക് ലഭിച്ചിരിക്കുന്ന ആരോഗ്യവും ബുദ്ധിയും കഴിവുകളും ദൈവരാജ്യത്തിന് വേണ്ടി ഉപയോഗിക്കുവാനും, ദൈവ വചനം നന്നായി പഠിച്ച് ദൈവിക മൂല്യങ്ങളിൽ സാക്ഷ്യത്തോടെ വളരുവാനും, ഞങ്ങളുടെ ജീവിതത്തെ കുറിച്ചുള്ള അങ്ങയുടെ പദ്ധതി എന്തെന്ന് മനസ്സിലാക്കി ജീവിപ്പാനും, യേശുവിനെ പോലെ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റേയും മനുഷ്യരുടേയും കൃപയിൽ മുതിർന്നുവരുവാനും, സഹ ജീവികളോട് യേശുവിന്റെ മനോഭാവത്തിൽ ഇടപെടുവാനും, തിന്മകൾ പെരുകി വരുന്ന ലോകത്തിൽ, വിശുദ്ധരായും ദൈവമക്കളായും നടക്കുവാനും, അഖിലലോക സൺഡേസ്കൂൾ ദിനത്തിൽ ഞങ്ങളെ സമ്പൂർണ്ണമായി സമർപ്പിക്കുന്നു. യേശുവിന്റെ നാമത്തിൽ ഈ സമർപ്പണത്തെ സ്വീകരിക്കേണമേ. ആമേൻ



## മലങ്കര മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

# അഖില ലോക സൺഡേസ്കൂൾ ദിനം

**2021 നവംബർ 07, ഞായർ**

## ആരാധനക്രമം

(മാർത്തോമ്മാ മെത്രാപ്പോലീത്താ അംഗീകരിച്ചത്)

**ആരാധനാഹ്വാനം**

*"യഹോവയെ സ്തുതിപ്പിൻ; നമ്മുടെ ദൈവത്തിന്നു കീർത്തനം പാടുന്നതു നല്ലതു; അതു മനോഹരവും സ്തുതി ഉചിതവും തന്നേ."* സങ്കീ.147:1

**ഗാനം :**

**കൗമ്മാ :**

**പ്രാരംഭ പ്രാർത്ഥന**

ദൈവമേ, ഈ മനോഹരമായ ഭൂമിയിൽ ജീവിക്കുവാൻ ഞങ്ങളെ സൃഷ്ടിച്ചതിനാൽ നിന്നെ സ്തുതിക്കുന്നു. കുഞ്ഞുങ്ങളെ അരികെ വിളിച്ച് അവരോട് സ്നേഹം പ്രകടിപ്പിച്ച കർത്താവായ യേശുവേ, ഞങ്ങൾ ദൈവരാജ്യത്തിന്റെ ഭാഗമാണെന്ന് ഉറപ്പ് തന്നതിനാൽ നിന്നെ മഹത്വപ്പെടുത്തുന്നു. പ്രതിസന്ധികളെ തരണം ചെയ്യുവാൻ ശക്തി നല്കുന്ന പരിശുദ്ധാത്മാവായ ദൈവമേ, ഈ കാലഘട്ടത്തെ കൃപയോടെ അഭിമുഖീകരിക്കുവാൻ ഞങ്ങൾക്ക് ബലം നൽകുന്നതിനായി നിനക്ക് സ്തോത്രം അർപ്പിക്കുന്നു. ത്രിയേക ദൈവമേ, അഖിലലോക സൺഡേസ്കൂൾ ദിനത്തിൽ തിരുസന്നിധിയിൽ ഒത്തുകൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കേണമേ. നിന്നെ പൂർണ്ണമായി സ്നേഹിക്കുവാനും, അങ്ങയെ മഹത്വപ്പെടുത്തി മാതൃകയോടെ ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

**അനുതാപ പ്രാർത്ഥന**

*"ദൈവമേ, നിന്റെ ദയക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ."* സങ്കീ.51:1,2

ഓരോ പ്രാർത്ഥനയ്ക്ക് ശേഷവും ***'ദൈവമേ, കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ'*** എന്ന് പ്രതിവാക്യമായി പറയണം.

ദൈവത്തെ ആരാധിക്കുന്നതിനും ദൈവ വചനം പഠിക്കുന്നതിനും കുടുംബ പ്രാർത്ഥനയിൽ പങ്കെടുക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ടായിട്ടും അവയിൽ കൂടുതൽ താത്പര്യം കാണിക്കാതിരുന്ന ബലഹീനതയെ...

**പ്രതിവാക്യം: *ദൈവമേ, കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ***

ആത്മീയ കാര്യങ്ങളേക്കാളും പഠന കാര്യങ്ങളേക്കാളും ഉപരിയായി സോഷ്യൽ മീഡിയായിലും ഓൺ ലൈൻ ഗെയിമുകളിലും ആനന്ദം നൽകുന്ന ഇതര പ്രവൃത്തികളിലും ഏർപ്പെട്ട് സമയം പാഴാക്കിക്കളഞ്ഞ കുറവുകളെ...

**പ്രതിവാക്യം: *ദൈവമേ, കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ***

മുതിർന്നവരെ ആദരിക്കാതെയും മാതാപിതാക്കളെ അനുസരിക്കാതെയും അദ്ധ്യാപകരെ ശ്രദ്ധിക്കാതെയും കുടുംബാംഗങ്ങളെ സ്നേഹിക്കാതെയും സഭയുടെ വിശ്വാസാചാരങ്ങളെ ഗൗരവമായി മനസ്സിലാക്കാതെയും പോയ വീഴ്ചകളെ...

**പ്രതിവാക്യം: *ദൈവമേ, കരുണതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ***

**സ്തോത്ര പ്രാർത്ഥന**

*"ഞാൻ യഹോവയെ അവന്റെ നീതിക്കു തക്കവണ്ണം സ്തുതിക്കും; അത്യുന്നതനായ യഹോവയുടെ നാമത്തിന്നു സ്തോത്രം പാടും."* സങ്കീ.7:17

ഓരോ പ്രാർത്ഥനയ്ക്ക് ശേഷവും ***'ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു'*** എന്ന് പ്രതിവാക്യമായി പറയണം.

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചയെ ലക്ഷ്യം വെച്ചുകൊണ്ട് സൺഡേസ്കൂൾ പ്രസ്ഥാനം ആരംഭിക്കുവാൻ ദൈവം കൈ പിടിച്ച് ഉയർത്തിയ പൂർവ്വ പിതാക്കന്മാർക്കായും അവരുടെ ജീവിത ദർശനങ്ങൾക്കായും ദൈവമേ...

**പ്രതിവാക്യം : *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു'***

ദൈവ വചനം കുഞ്ഞുങ്ങളുടെ ഭാഷയിൽ അവതരിപ്പിച്ച് അവരെക്കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കി കൊടുത്ത് ദൈവരാജ്യ പാതയിൽ അവരെ നയിക്കുവാൻ സ്ഥാപിതമായ സൺഡേസ്കൂൾ സമാജത്തിനായും അതിന്റെ എല്ലാ പ്രവർത്തകർക്കായും കുഞ്ഞുങ്ങളുടെ മദ്ധ്യേ ശുശ്രൂഷ നിർവ്വഹിക്കുന്ന എല്ലാവർക്കായും ദൈവമേ...

**പ്രതിവാക്യം : *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു'***



ദൈവ സ്നേഹം ഞങ്ങൾക്ക് പകർന്നു നൽകുവാൻ നിയോഗിക്കപ്പെട്ട ഞങ്ങളുടെ മാതാപിതാക്കന്മാർ, വിശ്വാസത്തിൽ ഞങ്ങളെ വളർത്തുന്ന സൺഡേസ്കൂൾ അദ്ധ്യാപകർ, കൂട്ടായ്മയിൽ ഞങ്ങളെ ബലപ്പെടുത്തുന്ന ഇടവക, അറിവിന്റെ വെളിച്ചം ചൊരിയുന്ന ഗുരുക്കന്മാർ, ഈ ലോകത്തിന്റെ മായാവലയങ്ങളിൽ അകപ്പെടാതെ കൂടെ നില്ക്കുന്ന സുഹൃത്തുക്കൾ എന്നിവർക്കായും ദൈവമേ...

**പ്രതിവാക്യം : *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു'***

**മദ്ധ്യസ്ഥ പ്രാർത്ഥന**

*"യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു. അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും."* സങ്കീ. 116:1,2

ഓരോ അപേക്ഷയ്ക്കും ശേഷം ***"ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ."*** എന്ന് പ്രതിവാക്യമായി പറയണം.

നമ്മുടെ സഭയ്ക്കായും, സഭയെ നയിക്കുന്ന അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ തിരുമേനിമാർ, മറ്റ് തിരുമേനിമാർ, പട്ടക്കാർ, സുവിശേഷകർ, സഭാ ജനങ്ങൾ എന്നിവർക്കായും, മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ് തിരുമേനി, ഔദ്യോഗിക ചുമതലക്കാർ, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, ഓഫീസ് പ്രവർത്തകർ, സൺഡേസ്കൂൾ, സെന്റർ, ഡിസ്ട്രിക്ട്, ഭദ്രാസന, കേന്ദ്രതല പ്രവർത്തകർക്കായും, പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിക്കാം.

**പ്രതിവാക്യം : *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.***

കോവിഡ് എന്ന മഹാമാരി, ജലപ്രളയം, പകർച്ച വ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ, തീവ്രവാദ പ്രവർത്തനങ്ങൾ എന്നിവ മൂലം അനാഥരാക്കപ്പെട്ട കുഞ്ഞുങ്ങൾക്ക് വേണ്ടിയും സ്വന്ത ദേശത്ത് നിന്ന് പലായനം ചെയ്യപ്പെട്ട തലമുറകൾക്ക് വേണ്ടിയും മാരകമായ രോഗങ്ങൾക്ക് ചികിത്സയിലായിരിക്കുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിക്കാം...

**പ്രതിവാക്യം : *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.***

മദ്യം, മയക്ക് മരുന്ന്, ലഹരി വസ്തുക്കൾ, അക്രമാസക്തി, ആഡംബര ഭ്രമം, അപകടകരങ്ങളായ ഗെയിമുകൾ എന്നിവയിൽ കുടുങ്ങി ദുരിത പൂർണ്ണമായ ജീവിതം നയിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയും അവരുടെ വിടുതലിനായി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിക്കാം...

**പ്രതിവാക്യം : *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.***